**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3596** **02-03-2023 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരേയും കിടപ്പിലായ രോഗികളേയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയുടെ ഭാഗമായി എത്ര രൂപയാണ് അനുവദിക്കുന്നത്; ഇതിന്റെ നടപടിക്രമം വ്യക്തമാക്കാമോ; | (എ) | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോതമംഗലം താലൂക്കിൽ ഇത്തരത്തിൽ എത്ര പേർക്ക് ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | കോതമംഗലം താലൂക്കിൽ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 104 ഗുണഭോക്താക്കൾക്ക് 2022 സെപ്റ്റംബറിൽ 5 മാസത്തെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കോതമംഗലം താലൂക്കിൽ നിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ; | (സി) | പുതിയ അപേക്ഷകൾ താലൂക്ക് അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | അവശേഷിക്കുന്ന അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല.
- വരുമാനം തെളിയിക്കുന്ന അറ്റസ്റ്റ് ചെയ്ത ബി .പി.എൽ റേഷൻകാർഡ് / വില്ലേജോഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
- വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റുക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപേക്ഷകൾ വനിതാ ശിശുവികസന വകുപ്പിലെ സി ഡി പി ഒ , സൂപ്പർ വൈസർമാർ, അംഗനവാടി വർക്കർമാർ എന്നിവരിൽ നിന്നും , സാമൂഹ്യ സുരക്ഷാമിഷന്റെ വെബ് സൈറ്റ് /ഓഫീസിൽ നിന്നും ലഭ്യമാണ് . പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ /ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.